# കേരള ജല അതോറിട്ടി

എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയം,
പ്രോജക്റ്റ് ഡിവിഷൻ, അടൂർ,
ഫോൺ **04734-224839**
e-mail- pdadoor@gmail.com

നമ്പർ: പി ഡി എ / ഡി.ബി- 170/2019

തീയതി: 02-08-2021

## ലേല പരസ്യം

കേരളാ ജല അതോറിറ്റി, അടൂർ പ്രോജെക്റ്റ് ഡിവിഷൻ, എക്സിക്യൂട്ടീവ് എൻജിനീയറുടെ പരിധിയിൽ പത്തനംതിട്ട ജില്ലയിൽ പെരുനാട് പഞ്ചായത്തിൽ സീതത്തോടു നിലക്കൽ കുടിവെള്ള പദ്ധതിയ്ക്കു വേണ്ടി നിലക്കൽ പള്ളിയറക്കാവ് ക്ഷേത്രത്തിനു സമീപം നിർമ്മിക്കുന്ന ജലസംഭരണിയുടെ പരിസരത്തായി അടുക്കി വെച്ചിരിക്കുന്ന കരിങ്കല്ലുകൾ 06-08-2021 ഉച്ചയ്ക്ക് 2.30 ന് ജല അതോറിറ്റിയിലെ നിലവിലുള്ള ലേലവ്യവസ്ഥകൾക്ക് വിധേയമായി പള്ളിയറക്കാവ് ക്ഷേത്രത്തിനു സമീപത്തു വച്ച് കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് എക്സിക്യൂട്ടിവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റുദ്യോഗസ്ഥരോ പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്.

പ്രസ്തുത ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവരും സീലു ചെയ്ത ദർഘാസുകൾ സമർപ്പിക്കുന്നവരും ലേലം തുടങ്ങുന്നതിനു മുൻപ് 52000 രൂപ നിരതദ്രവ്യം കെട്ടിവെയ്ക്കേണ്ടതാണ്. സീലു ചെയ്ത ദർഘാസുകൾ സമർപ്പിക്കുന്ന കവറിനു മുകളിൽ സമർപ്പിക്കുന്ന ആളിൻറെ പേരും മേൽവിലാസവും, രേഖപ്പെടുത്തി ലേലദിവസം 2.30 P.M. നു മുൻപായി സമർപ്പിക്കേണ്ടതാണ്. സീലു ചെയ്ത ദർഘാസുകൾ സമർപ്പിക്കുന്നവർക്കും പരസ്യ ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. പരസ്യലേലത്തിൽ വിളിക്കുന്ന ഏറ്റവും കൂടിയ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിൻറെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും അതിനുശേഷം ദർഘാസ് സമർപ്പിച്ചവരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ ദർഘാസ് തുറക്കുന്നതും ലേലത്തുക/ദർഘാസ് തുക ഇവയിൽ ഏതാണോ കൂടുതൽ കാണുന്നത് ആ തുക കൊണ്ട ആളുടെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം തിരിച്ചു നൽകുന്നതാണ്. ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ നിയമാനുസരണമുള്ള നികുതി (18%) അടക്കം മുഴുവൻ തുകയും ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും

എക്സിക്യൂട്ടീവ് എൻജിനീയർ, പ്രോജക്ട് ഡിവിഷൻ, കേരള ജല അതോറിട്ടി, അടൂരിൻറെ പേരിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റായി തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ലേലം സ്ഥിരീകരിച്ച് ഏഴ് ദിവസത്തിനകം കരിങ്കല്ലുകൾ സ്വന്തം ചിലവിൽ ആർക്കും നഷ്ടം ഉണ്ടാകാത്ത തരത്തിൽ മൈനിങ്ങ് ആൻഡ് ജിയോളജി വകുപ്പിന്റെ അനുമതി വാങ്ങി കേരള ജല അതോറിട്ടിയുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അറിവോടെ നീക്കം ചെയ്യേണ്ടതാണ്.

മേൽ പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ലേലം കൊള്ളുന്നയാൾ പ്രവർത്തിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക അതോറിറ്റിയിലേക്ക് മുതൽ കൂട്ടുന്നതും ലേലം ചെയ്ത വസ്തു ക്കൾ പുനർലേലം ചെയ്യുന്നതുമായിരിക്കും. ആയതുമൂലം ഉണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതുമായിരിക്കും. യുക്തമെന്ന് തോന്നുന്ന പക്ഷം മുന്നറിയിപ്പോ കാരണമോ കൂടാതെ ലേലം മാറ്റിവെയ്ക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം അടൂർ പ്രോജെക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ജല അതോറിറ്റി യിൽ നിലവിലുള്ള എല്ലാ ലേലനിബന്ധനകളും ഈ ലേലത്തിന് ബാധകമായിരിക്കുന്നതാണ്. ലേല സംബന്ധമായ കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്.

എക്സിക്യൂട്ടീവ് എൻജിനീയർ

പകർപ്പ്

1. ജില്ലാ ഇൻഫോർമേഷൻ ഓഫീസർ, പത്തനംതിട്ട.
2. റവന്യൂ ഡിവിഷണൽ ഓഫീസർ, റാന്നി.
3. തഹസീൽദാർ, റാന്നി..
4. പഞ്ചായത്ത് സെക്രട്ടറി, പെരുനാട് പഞ്ചായത്ത്.
5. വില്ലേജ് ഓഫീസർ, അത്തിക്കയം വില്ലേജ്.
6. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. (റോഡ്സ്), റാന്നി.
7. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. (ബിൽഡിങ്സ്), റാന്നി.
8. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച് ഡിവിഷൻ, കെ.ഡബ്ല്യൂ.എ, പത്തനംതിട്ട/തിരുവല്ല.
9. അസി.എക്സി.എൻജിനീയർ പി.എച്ച് സബ് ഡിവിഷൻ, പത്തനംതിട്ട/തിരുവല്ല/മല്ലപ്പള്ളി/ റാന്നി.
10. അസി. എൻജിനീയർ പി.എച്ച് സെക്ഷൻ, ചിരണിക്കൽ/കോന്നി/വടശ്ശേരിക്കര/പുല്ലാട്/നെടുമ്പ്രം/ പത്തനംതിട്ട/തിരുവല്ല/മല്ലപ്പള്ളി/ റാന്നി.
11. സുപ്രണ്ടിങ്ങ് എൻജിനീയർ, പി.എച്ച് സർക്കിൾ, തിരുവല്ല.
12. ചീഫ് എൻജിനീയർ, എസ്.ആർ, കെ.ഡബ്ല്യൂ.എ, തിരുവനന്തപുരം.
13. ഡി.ബി.എ യൂണിറ്റ്, കെ.ഡബ്ല്യൂ.എ, തിരുവനന്തപുരം.